**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബി.എസ്.എഫ്, സി.ആർ.പി.എഫ്, സി.ഐ.എസ്.എഫ്, ഐ.ടി.ബി.പി., എസ്.എസ്.ബി. എന്നീ കേന്ദ്ര സായുധ പോലീസ് സേനാ വിഭാഗങ്ങളിൽ നിന്നും വിരമിച്ച ഭടന്മാർ (Ex-CAPF personnel)/ വിരമിച്ച ഭടന്മാരുടെ ഭാര്യമാർ/വിധവകൾ - യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന ഭവനങ്ങളെ വസ്തുനികുതി (കെട്ടിട നികുതി) അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം. 60/2021/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി,20/02/2021.

പരാമർശം :
1. 02/07/2013 തീയതിയിലെ സ.ഉ.(കൈ) നം. 242/2013/ത.സ്വ.ഭ.വ
2. 26/05/2017 തീയതിയിലെ സ.ഉ.(കൈ) നം. 106/2017/ത.സ്വ.ഭ.വ
3. 25/11/2019 തീയതിയിലെ സ.ഉ.(കൈ) നം.150/2019/ത.സ്വ.ഭ.വ
4. 23/11/2012 തീയതിയിലെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 27011/100/2012- R& W നമ്പർ ഓഫീസ് മെമ്മോറാണ്ടം.
5. 11/02/2020 തീയതിയിലെ SHQ - BSF, തിരുവനന്തപുരം ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന്റെ SHQ TVM/Estt/ Welfare/2020/2012- 14 നമ്പർ കത്ത്.
6. പഞ്ചായത്ത് ഡയറക്ടറുടെ 21/08/2020 തീയതിയിലെ PAN/5273/2020- C3(DP) നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ വിരമിച്ച ഭടന്മാർ/വിരമിച്ച ഭടന്മാരുടെ ഭാര്യമാർ/വിധവകൾ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ വസ്തുനികുതി (വീട്ടുകരം/കെട്ടിട നികുതി/property tax) അടക്കുന്നതിൽ നിന്നും ഒഴിവാക്കി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. കോസ്റ്റ്ഗാർഡിൽ നിന്നും വിരമിച്ച ഭടന്മാർക്ക് (Retired Indian Coast Guard Personnel)/വിരമിച്ച ഭടന്മാരുടെ ഭാര്യമാർക്കും/വിധവകൾക്കും പരാമർശം (3) പ്രകാരം കെട്ടിട നികുതിയിൽ ഇളവ് നൽകിയിരുന്നു. പ്രസ്തുത ഇളവ് ബി.എസ്.എഫ്, സി.ആർ.പി.എഫ്, സി.ഐ.എസ്.എഫ്, ഐ.ടി.ബി.പി., എസ്.എസ്.ബി. എന്നീ കേന്ദ്ര സായുധ പോലീസ് സേനാ വിഭാഗങ്ങളിൽ നിന്നും വിരമിച്ച ഭടന്മാർക്കും (Ex-CAPF Personnel)/വിരമിച്ച ഭടന്മാരുടെ ഭാര്യമാർക്കും/വിധവകൾക്കും ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചിരുന്നു.

2) സർവീസിൽ നിന്നും വിരമിച്ച Central Armed Police Force (CRPF, BSF, CISF, ITBP & SSB) ഭടന്മാരെ Ex-Central Armed Police Force personnel (Ex - CAPF personnel) എന്ന് നാമകരണം ചെയ്തുകൊണ്ട് പരാമർശം (4) പ്രകാരം കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഓഫീസ് മെമ്മോറാണ്ടം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഓഫീസ് മെമ്മോറാണ്ടത്തിൽ, വിരമിച്ച സൈനികർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളിൽ അർഹമായ ആനുകൂല്യങ്ങൾ വിരമിച്ച Ex-CAPF ഭടന്മാർക്കും സംസ്ഥാന സർക്കാരിന് അനുവദിക്കാവുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് ബി.എസ്.എഫ്, സി.ആർ.പി.എഫ്, സി.ഐ.എസ്.എഫ്, ഐ.ടി.ബി.പി., എസ്.എസ്.ബി. (BSF, CRPF, CISF, ITBP & SSB) എന്നീ കേന്ദ്ര സായുധ പോലീസ് സേനാ വിഭാഗങ്ങളിൽ നിന്നും വിരമിച്ച ഭടന്മാർക്കും (Ex-CAPF personnel)/ വിരമിച്ച ഭടന്മാരുടെ ഭാര്യമാർക്കും/വിധവകൾക്കും യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന ഒരു വീടിനുള്ള വസ്തു നികുതി , 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 207 (2) ഉം 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 281 (2) ഉം വകുപ്പുകൾ പ്രകാരം, താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഒഴിവാക്കി ഉത്തരവാകുന്നു.

1. ബി.എസ്.എഫ്, സി.ആർ.പി.എഫ്, സി.ഐ.എസ്.എഫ്, ഐ.ടി.ബി.പി., എസ്.എസ്.ബി. (BSF, CRPF, CISF, ITBP & SSB) എന്നീ കേന്ദ്ര സായുധ പോലീസ് സേനാ വിഭാഗങ്ങളിൽ നിന്നും വിരമിച്ചവർക്ക് (Ex-CAPF personnel) 2021 - 22 സാമ്പത്തിക വർഷം മുതലാണ് വസ്തു നികുതിയിൽ ഇളവ് അനുവദിക്കുന്നത്. അതുവരെ കുടിശ്ശികയുള്ള വസ്തു നികുതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അടച്ചിട്ടുള്ളവർക്ക് മാത്രമേ ഇളവ് അനുവദിക്കുകയുള്ളൂ.

2. തറ വിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കവിയാത്തതായ ഒരു വീടിന് മാത്രമേ വസ്തു നികുതി ഇളവിന് അർഹതയുള്ളൂ. 2000 ചതുരശ്ര അടിയിൽ കൂടുതലായി തറ വിസ്തീർണ്ണം വരുന്ന പക്ഷം കൂടുതലായി വരുന്ന തറ വിസ്തീർണ്ണത്തിനു മാത്രം അതാത് കാലത്ത് നിലവിലുള്ള നിയമപ്രകാരം നികുതി ഈടാക്കേണ്ടതാണ്.

3. വസ്തു നികുതി ഇളവിനായി ആദ്യമായി അപേക്ഷിക്കുന്നവർ അപേക്ഷയോടൊപ്പം അനുബന്ധം-1 ന്റെ മാതൃകയിൽ ഒരു സത്യവാങ്മൂലം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്. വസ്തു നികുതി ഇളവിന് അർഹരായവർ വസ്തു നികുതി ഇളവ് ലഭ്യമാക്കുന്നതിന് അനുബന്ധം-2 ന്റെ മാതൃകയിൽ ഒരു സത്യവാങ്മൂലം കൂടി നൽകേണ്ടതാണ്. തുടർന്ന് ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി അനുബന്ധം-2 പ്രകാരമുള്ള സത്യവാങ്മൂലം മാത്രം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്. വൈകി സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. തദ്ദേശസ്വയംഭരണ സെക്രട്ടറി വസ്തുനികുതി ഇളവ് അനുവദിച്ചാൽ ആയത് ബി.എസ്.എഫ്, സി.ആർ.പി.എഫ്, സി.ഐ.എസ്.എഫ്, ഐ.ടി.ബി.പി., എസ്.എസ്.ബി. (BSF, CRPF, CISF, ITBP & SSB) എന്നീ കേന്ദ്ര സായുധ പോലീസ് സേനാ വിഭാഗങ്ങളിൽ നിന്നും വിരമിച്ച ഭടന്മാരുടെ (Ex-CAPF personnel) പെൻഷൻ ബുക്കിൽ/ഡിസ്ചാർജ് ബുക്കിൽ ഉത്തരവ് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തി സ്ഥാപനത്തിന്റെ മുദ്ര പതിപ്പിച്ച് നൽകേണ്ടതാണ്.

4. വസ്തു നികുതിയിളവിന് അർഹരായ ബി.എസ്.എഫ്, സി.ആർ.പി.എഫ്, സി.ഐ.എസ്.എഫ്, ഐ.ടി.ബി.പി., എസ്.എസ്.ബി. (BSF, CRPF, CISF, ITBP & SSB) എന്നീ കേന്ദ്ര സായുധ പോലീസ് സേനാ വിഭാഗങ്ങളിൽ നിന്നും വിരമിച്ച ഭടൻ (Ex-CAPF personnel)/ വിരമിച്ച ഭടന്റെ ഭാര്യ/വിധവ എന്നിവരുടെ വസ്തു നികുതി സംബന്ധമായ വിവരങ്ങൾ പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 6 പ്രകാരമുള്ള പ്രത്യേക രജിസ്റ്ററിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർക്കേണ്ടതാണ്. വസ്തുനികുതി ഇളവ് അനുവദിക്കപ്പെട്ട കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് എന്തെങ്കിലും മാറ്റം വരുന്ന പക്ഷം ആയത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ യഥാസമയം ഗുണഭോക്താക്കൾ അറിയിക്കേണ്ടതും പ്രസ്തുത വിവരം തദ്ദേശസ്വയംഭരണ സെക്രട്ടറിമാർ ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ അനുയോജ്യമായ കോളത്തിൽ/പേജിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

5. ബി.എസ്.എഫ്, സി.ആർ.പി.എഫ്, സി.ഐ.എസ്.എഫ്, ഐ.ടി.ബി.പി., എസ്.എസ്.ബി. (BSF, CRPF, CISF, ITBP & SSB) എന്നീ കേന്ദ്ര സായുധ പോലീസ് സേനാ വിഭാഗങ്ങളിൽ നിന്നും വിരമിച്ച ഭടന്/വിരമിച്ച ഭടന്റെ ഭാര്യയ്ക്ക്/വിധവയ്ക്ക് അനുവദിച്ചിട്ടുള്ള വസ്തുനികുതി ഇളവ് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ക്രമക്കേട് കണ്ടെത്തിയാൽ പ്രസ്തുത വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഇളവ് നൽകി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് റദ്ദാക്കേണ്ടതും അപ്രകാരം സർക്കാരിനുണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾ ക്രമപ്രകാരം ഈടാക്കേണ്ടതുമാണ്. ഭാവിയിൽ ടിയാന് ഈയിനത്തിലുള്ള യാതൊരുവിധ ഇളവിനും അർഹതയുണ്ടായിരിക്കുന്നതുമല്ല. ഇത്തരത്തിലുള്ള നടപടി ഉണ്ടായാൽ അതിന്റെ പരിപൂർണ്ണ ഉത്തരവാദിത്തം നികുതിയിളവ് ലഭിക്കപ്പെട്ടയാളിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്. പ്രസ്തുത വിവരം നികുതി ഇളവ് നൽകുന്നത് സംബന്ധിച്ച ഉത്തരവിൽ വിവക്ഷിക്കേണ്ടതുമാണ്.

6. വസ്തു നികുതിയിളവ് അനുവദിച്ചത് സംബന്ധിച്ച് പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേക പരിശോധന നടത്തുകയും ബന്ധപ്പെട്ട രജിസ്റ്ററിൽ പരിശോധനാ കുറിപ്പ് രേഖപ്പെടുത്തി ഓരോ സാമ്പത്തിക വർഷവും ഏപ്രിൽ മാസം 30-ാം തീയതിക്കകം അതാത് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും റിപ്പോർട്ട് നൽകേണ്ടതുമാണ്. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർ, നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർ എന്നിവർ ഓരോ വർഷവും മേയ് മാസം 15-ാം തീയതിക്കു മുമ്പ് ഇത് സംബന്ധിച്ച റിപ്പോർട്ട് യഥാക്രമം ബന്ധപ്പെട്ട പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും നൽകേണ്ടതാണ്.

4) മേൽപ്പറഞ്ഞ വ്യവസ്ഥകൾ എല്ലാ തദ്ദേശസ്വയംഭരണ സെക്രട്ടറിമാരും കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
എല്ലാ മേയർമാർക്കും/ചെയർമാൻമാർക്കും/നഗരകാര്യ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡയറക്ടർ, സൈനിക വെൽഫയർ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ/എൽ.ബി.എ), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പൊതുഭരണ (സൈനിക ക്ഷേമം) വകുപ്പ്
പൊതുഭരണ (കോ-ഓർഡിനേഷൻ) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്( വെബ് & ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. LSGD- RC2/ 175/ 2020- LSGD)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം-1

## സത്യവാങ്മൂലം

ബി.എസ്.എഫ്, സി.ആർ.പി.എഫ്, സി.ഐ.എസ്.എഫ്, ഐ.ടി.ബി.പി., എസ്.എസ്.ബി. (BSF, CRPF, CISF, ITBP & SSB) എന്നീ കേന്ദ്ര സായുധ പോലീസ് സേനാ വിഭാഗങ്ങളിൽ നിന്നും വിരമിച്ച ഭടൻ (Ex-CAPF Personnel) / വിരമിച്ച ഭടന്റെ ഭാര്യ/വിധവ............................................................ ഗ്രാമപഞ്ചായത്തിൽ/മുനിസിപ്പാലിറ്റിയിൽ/ കോർപ്പറേഷനിൽ........................ വാർഡിൽ.............................. വീട്ടിൽ ശ്രീ........................ ......................രുടെ മകൻ/ഭാര്യ.................... വയസ്സുള്ള....................................(പെൻഷൻ നമ്പർ........................& ആധാർ നമ്പർ.............................................) എന്ന ഞാൻ ...........................................................ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ ലെ.....................................വാർഡിലെ.................................നമ്പർ കെട്ടിടത്തിൽ സ്ഥിര താമസമാണെന്നും.............................................ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറിയുടെ ഉത്തരവു പ്രകാരം ഞാൻ താമസിക്കുന്ന കെട്ടിടത്തിനെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു. അപ്രകാരം ലഭിക്കുന്ന ഉത്തരവിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകളിൽ നിന്നും ഞാൻ ഒരിക്കലും വ്യതിചലിക്കുകയില്ല. എന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം താമസ ആവശ്യത്തിനല്ലാതെ മറ്റൊരാവശ്യത്തിനും ഉപയോഗിക്കുകയില്ലെന്നും ടി കെട്ടിടം ഏതെങ്കിലും സാഹചര്യത്തിൽ കൈമാറ്റം ചെയ്യപ്പെട്ടാൽ ആയത് യഥാസമയം ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതാണെന്നും കൈമാറ്റം ചെയ്യപ്പെട്ട തീയതി മുതലുള്ള യഥാർത്ഥ നികുതി അടയ്ക്കുന്നതാണെന്നും ഉറപ്പുനൽകുന്നു. ഈ സത്യവാങ്മൂലത്തിനു വിരുദ്ധമായി ഏതെങ്കിലും വസ്തുതകൾ ബന്ധപ്പെട്ട അധികാരികൾ കണ്ടെത്തിയാൽ നിയമപ്രകാരമുള്ള നടപടി എനിക്കെതിരെ സ്വീകരിക്കുന്നതിന് സമ്മതമാണെന്നും ഉറപ്പു നൽകുന്നു. ഈ സത്യവാങ്മൂലത്തിനു വിരുദ്ധമായി ഏതെങ്കിലും വസ്തുതകൾ ബന്ധപ്പെട്ട അധികാരികൾ കണ്ടെത്തിയാൽ എനിക്ക് വസ്തുനികുതി ഇളവ് അനുവദിക്കുന്ന ഉത്തരവ് സ്വമേധയാ റദ്ദാവുന്നതുമാണെന്നും സർക്കാരിന് നേരിട്ടിട്ടുള്ള നഷ്ടം എന്നിൽ നിന്നും ഈടാക്കുന്നതാണെന്ന ഉത്തമ വിശ്വാസത്തോടെയും ബോധ്യത്തോടെയും ഇതിനാൽ സമ്മതം നൽകുന്നു. കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് നിയമപ്രകാരമുള്ള എന്തു നടപടിയും എനിക്കെതിരെ സ്വീകരിക്കുമെന്ന് എനിക്ക് ബോധ്യമുള്ളതാകുന്നു. എന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം ഏതെങ്കിലും സാഹചര്യത്തിൽ കൈമാറ്റം ചെയ്യപ്പെട്ടാൽ ആയത് യഥാസമയം ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതാണെന്നും ഉറപ്പുനൽകുന്നു.

ഒപ്പ്

പേരും വിലാസവും

സാക്ഷികൾ: 1 പേരും വിലാസവും ഒപ്പും

2 പേരും വിലാസവും ഒപ്പും

സ്ഥലം,

തീയതി.

അനുബന്ധം-2

## സത്യവാങ്മൂലം

ബി.എസ്.എഫ്, സി.ആർ.പി.എഫ്, സി.ഐ.എസ്.എഫ്, ഐ.ടി.ബി.പി., എസ്.എസ്.ബി. (BSF, CRPF, CISF, ITBP & SSB) എന്നീ കേന്ദ്ര സായുധ പോലീസ് സേനാ വിഭാഗങ്ങളിൽ നിന്നും വിരമിച്ച ഭടൻ (Ex-CAPF Personnel)/ വിരമിച്ച ഭടന്റെ ഭാര്യ/വിധവ................................................................................................................ഗ്രാമപഞ്ചായത്തിൽ/ മുനിസിപ്പാലിറ്റിയിൽ/കോർപ്പറേഷനിൽ......................... വാർഡിൽ...................................... വീട്ടിൽ ശ്രീ.................................................................................................ുടെ മകൻ/ഭാര്യ ...........വയസ്സുള്ള......................................(പെൻഷൻ ഓർഡർ നമ്പർ.................... & ആധാർ നമ്പർ....................................................) എന്ന ഞാൻ ..............................................ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ ലെ .......................വാർഡിലെ..........നമ്പർ കെട്ടിടത്തിൽ സ്ഥിര താമസമാണെന്നും ............................................................ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിയുടെ...................ലെ..................നമ്പർ ഉത്തരവു പ്രകാരം ഞാൻ താമസിക്കുന്ന കെട്ടിടത്തിനെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുള്ളതുമാകുന്നു. പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളിൽ നിന്നും ഞാൻ നാളിതുവരെ വ്യതിചലിച്ചിട്ടില്ലാത്തതാകുന്നു. എന്റെ ഉടമസ്ഥതയിലുള്ള മറ്റൊരു കെട്ടിടത്തിനും ഈയിനത്തിൽ ഇളവ് ലഭിച്ചിട്ടില്ലാത്തതാകുന്നു. എന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം ഞാൻ നാളിതുവരെ താമസ ആവശ്യത്തിനല്ലാതെ മറ്റൊരാവശ്യത്തിനും ഉപയോഗിച്ചിട്ടില്ലാത്തതും കൈമാറ്റം ചെയ്തിട്ടില്ലാത്തതുമാകുന്നു. ഈ സത്യവാങ്മൂലത്തിനു വിരുദ്ധമായി ഏതെങ്കിലും വസ്തുതകൾ ബന്ധപ്പെട്ട അധികാരികൾ കണ്ടെത്തിയാൽ മുകളിൽ അനുവദിച്ചിട്ടുള്ള ഉത്തരവ് സ്വമേധയാ റദ്ദാവുന്നതുമാണെന്നും സർക്കാരിന് നേരിട്ടിട്ടുള്ള നഷ്ടം എന്നിൽ നിന്നും ഈടാക്കുന്നതാണെന്ന ഉത്തമ വിശ്വാസത്തോടെയും ബോധ്യത്തോടെയുമാണ് ഈ സമ്മതപത്രം നൽകുന്നത്. കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് നിയമപ്രകാരമുള്ള എന്തു നടപടിയും എനിക്കെതിരെ സ്വീകരിക്കുമെന്ന് എനിക്ക് ബോധ്യമുള്ളതാകുന്നു. എന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം ഏതെങ്കിലും സാഹചര്യത്തിൽ കൈമാറ്റം ചെയ്യപ്പെട്ടാൽ ആയത് യഥാസമയം ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതാണെന്നും ഉറപ്പു നൽകുന്നു.

ഒപ്പ്

പേരും വിലാസവും

സാക്ഷികൾ: 1 പേരും വിലാസ്വും ഒപ്പും

2. പേരും വിലാസവും ഒപ്പും

സ്ഥലം,

തീയതി.